(ബി) 9-11-2004-ന് ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പത്തനംതിട്ട കളക്ട്രേറ്റിൽ കൂടിയ യോഗത്തിൽ ഈ ജില്ലയിൽ വനഭൂമി കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി, പരിഹാര വനവൽക്കരണത്തിനുള്ള നിർദ്ദേശം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പ്രൊപ്പോസൽ ഗവൺമെന്റിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

(സി) പ്രസ്തുത യോഗത്തിലെ തീരുമാന പ്രകാരം റാന്നി, കോഴഞ്ചേരി താലൂക്കുകളിലെ വന ഭൂമിക്ക് പകരം റവന്യൂ ഭൂമി കണ്ടെത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതിലേക്ക് അപേക്ഷിച്ചിട്ടുണ്ട്. മല്ലപ്പള്ളി താലൂക്കിൽ പെരുമ്പട്ടി വില്ലേജിലെ വനഭൂമി കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിലേക്ക് ഇടുക്കി ജില്ലയിൽ പകരം റവന്യൂ ഭൂമി പരിഹാര വനവൽക്കരണത്തിന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) ജോയിന്റ് വെരിഫിക്കേഷൻ പ്രകാരം പട്ടയം ലഭിക്കേണ്ട കൃഷിക്കാരുടെ താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

താലൂക്ക്	*ഫോറസ്റ്റ് ഡിവിഷൻ*	*വിസ്തീർണ്ണം*	*കൈവശക്കാരുടെ എണ്ണം*
മല്ലപ്പള്ളി	റാന്നി	104.15	414
കോഴഞ്ചേരി	റാന്നി	216.93	551
കോഴഞ്ചേരി	കോന്നി	59.94	205
റാന്നി	റാന്നി	1586.00	5154
		1967.02	6325

(ഇ) കൈവശ കൃഷിക്കാരുടെ കൈവശ ഭൂമിയുടെ സംയുക്ത പരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കി പ്രൊഫോർമ ജില്ലാ കളക്ടർ ഗവൺമെന്റിലേക്ക് സമർപ്പിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

കോഴിക്കോട് ജില്ലയിൽ നൽകിയ പട്ടയം

14 [2163] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്; നിയമസഭാ മണ്ഡലം തിരിച്ച് കണക്ക് വ്യക്തമാക്കാമോ; ഇനിയും പട്ടയം നൽകാനുള്ളവ എത്ര;

(ബി) തീരദേശത്തെ എത്ര കുടുംബങ്ങൾക്ക് കൈവശ രേഖ നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബേപ്പൂർ മണ്ഡലത്തിൽ എത്ര പേർക്ക് നൽകിയെന്നും, ഇനിയെത്ര പേർക്ക് നൽകാനുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 2380 പട്ടയം അനുവദിച്ചിട്ടുണ്ട്. ഇനി പട്ടയം നൽകുവാനായി 40 അപേക്ഷകൾ കൂടി തീർപ്പാക്കാനുണ്ട്. നിയമസഭാമണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

കോഴിക്കോട് 1	..	417 പട്ടയം
കോഴിക്കോട് 2	..	492 ,,
കുന്നമംഗലം	..	434 ,,
തിരുവമ്പാടി	..	127 ,,
മേപ്പയൂർ	..	57 ,,
വടകര	..	103 ,,
കൊയിലാണ്ടി	..	121 ,,
ബാലുശ്ശേരി	..	213 ,,
പേരാമ്പ്ര	..	206 ,,
ബേപ്പൂർ	..	159 ,,
നാദാപുരം	..	51 ,,
കൊടുവള്ളി	..	ഇല്ല
ആകെ	..	2380 ,,

(ബി) തീരദേശത്തെ 438 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്.

(സി) ബേപ്പൂർ മണ്ഡലത്തിൽ 91 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. കൈവശരേഖ കിട്ടുവാൻ അർഹതയുള്ളവരുടെ അപേക്ഷകൾ ഒന്നുംതന്നെ തീർപ്പാക്കുവാനില്ല.

കാരായ്മ കുടിയാന്മാരുടെ പ്രശ്നങ്ങൾ

15 [2167] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാരായ്മ കുടിയാന്മാരുടെ പ്രശ്നത്തിൽ ഹൈക്കോടതി വിധിയെത്തുടർന്നുള്ള പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly